**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 146** **11-10-2024 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ മേഖലയിലെ പരിഷ്കാരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ആന്റണി രാജു | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | വൈജ്ഞാനിക മേഖലയിലെയും തൊഴിൽ മേഖലയിലെയും മാറ്റങ്ങൾക്കനുസൃതമായി ഉന്നതവിദ്യാഭ്യാസ രംഗത്ത് കരിക്കുലത്തിലും പഠന സമ്പ്രദായത്തിലും എന്തെല്ലാം പരിഷ്കാരങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (എ) | ഉന്നത വിദ്യാഭ്യാസ മേഖലയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനാവശ്യമായ പരിഷ്കരണ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ചുവടുവെപ്പാണ് നാലുവർഷ ബിരുദ പ്രോഗ്രാം. ആധുനിക കാലത്തിനാവശ്യമായ ജ്ഞാനവും നൈപുണികളും നേടിയെടുക്കേണ്ടതിന്റെ ആവശ്യകതയെ മുൻനിർത്തിയുള്ള ജ്ഞാനസമ്പത്‌വ്യവസ്ഥയിലധിഷ്ഠിതമായ നവകേരള നിർമിതി കേരളത്തെ ഉന്നത വിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുന്നതിന്റെ ഭാഗമായാണ് കേരളത്തിൽ നാലുവർഷ ബിരുദ പ്രോഗ്രാം നടപ്പിലാക്കുന്നത്.<br><br>സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും ഈ വർഷം മുതൽ മൂന്നുവർഷം കഴിയുമ്പോൾ ബിരുദം നേടി എക്സിറ്റ് ചെയ്യാനും താല്പര്യമുള്ളവർക്ക് നാലാം വർഷം തുടർന്ന് ക്യാപ്സ്റ്റോൺ പ്രൊജക്റ്റ് ഉള്ള ഓണേഴ്സ് ബിരുദം നേടാനും, റിസർച്ച് താല്പര്യം ഉള്ളവർക്ക് ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദം നേടാനും കഴിയുന്ന തരത്തിലുള്ള ബിരുദ പ്രോഗ്രാമിന്റെ ഘടനയിലേക്കാണ് നാം മാറുന്നത്. അറിവിനോടൊപ്പം, അറിവ് ഉല്പാദിപ്പിക്കുന്നതിനും, പ്രായോഗികമായ അറിവുകൾ ആർജിക്കാനും, സംരംഭകത്വ താല്പര്യങ്ങൾ ഉളവാക്കാനും അതുവഴി തൊഴിൽ അന്വേഷകർ എന്നതിൽ നിന്ന് തൊഴിൽ ദാതാക്കൾ എന്ന നിലയിൽ ഉയരാനും നമ്മുടെ വിദ്യാർത്ഥികളെ സഹായിക്കുന്ന ഒരു കരിക്കുലം ഫ്രെയിം വർക്ക് ആണ് കേരളം മുൻപോട്ടു വെച്ചിരിക്കുന്നത്. |
| (ബി) | പ്രസ്തുത പരിഷ്കാരങ്ങൾ ഫലപ്രദമാക്കാൻ അടിസ്ഥാനസൗകര്യ വികസനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ വിശദീകരിക്കാമോ; | (ബി) | റൂസ ധനസഹായത്തോടെ സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് കോളേജുകളിൽ നിരവധി നിർമ്മാണ പ്രവർത്തനങ്ങൾ ഇതിനോടകം പൂർത്തീകരിച്ചു. കിഫ്ബി ധനസഹായത്തോടെ സർക്കാർ കോളേജുകളിലും സർവകലാശാലകളിലും |

| | | | |
|---|---|---|---|
| | | | അത്യാധുനിക ഗവേഷണ ലബോറട്ടറികൾ, ക്ലാസ്സ് മുറികൾ, ലൈബ്രറികൾ തുടങ്ങി വിവിധ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കഴിഞ്ഞു. സ്റ്റാർട്ട് അപ്പ് നയത്തിന്റെ ഭാഗമായി ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളോട് ചേർന്ന് ഗവേഷണ പാർക്കുകൾ ആരംഭിക്കുന്നുണ്ട്. ഓരോ വിദ്യാഭ്യാസ സ്ഥാപനത്തിനൊപ്പവും ഓരോ സ്റ്റാർട്ടപ്പ് പാർക്ക് എന്ന ആശയവും സർക്കാർ മുന്നോട്ട് വയ്ക്കുന്നു. വിവിധ സർവകലാശാലകളിൽ അന്താരാഷ്ട്ര ഹോസ്റ്റലുകളടക്കം ആയിരത്തഞ്ഞൂറിൽപ്പരം ഹോസ്റ്റൽ മുറികൾ നിർമ്മിക്കാനുള്ള പദ്ധതി കിഫ്ബി ധന സഹായത്തോടെ ആരംഭിച്ചിട്ടുണ്ട്. സർവകലാശാലകളിലെ നിയമവ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനും, പുതിയ കരിക്കുലം, റെഗുലേഷൻ എന്നിവ പ്രകാരം അഡ്മിഷൻ, പരീക്ഷ മുതലായവ നടത്തുന്നതിനു സഹായകരമായ നിലയിൽ നിലവിലെ സോഫ്റ്റ്‌വെയർ സംവിധാനങ്ങൾ പരിഷകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തെ സർവ്വകലാശാലകൾക്കായി ഒരു സമഗ്ര സോഫ്റ്റ്‌വെയർ സംവിധാനം കേരള റിസോഴ്സസ് ഫോർ എഡ്യൂക്കേഷണൽ അഡ്മിനിസ്ട്രേഷൻ ആൻഡ് പ്ലാനിങ് (കെ-റീപ്) വികസിപ്പിക്കുന്നതിനായി പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>ഗവേഷക പ്രവർത്തങ്ങൾക്കു പ്രോത്സാഹനം നല്കുന്നതിനായി നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. സ്വാശ്രയ കോളേജുകളിൽ അടക്കം യോഗ്യരായ അദ്ധ്യാപകരും സൗകര്യങ്ങളും ഉണ്ടെങ്കിൽ ഗവേഷണ കേന്ദ്രങ്ങൾ നിലവിൽ അനുവദിക്കുന്നുണ്ട്. സർവകലാശാലകളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഗവേഷകർക്കാവശ്യമായ അന്താരാഷ്ട്ര ജേർണലുകൾ സൗജന്യമായി ലഭ്യമാക്കുന്നതിനായി ഒരു ഇ-ജേർണൽ കൺസോർഷ്യം ഉന്നത വിദ്യഭ്യാസ കൗൺസിൽ മുഖേന നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പരിഷ്കാരങ്ങൾക്കനുസൃതമായി അധ്യാപക സമൂഹത്തിന്റെ ഉത്തരവാദിത്വം ഉറപ്പു വരുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) | നാലു വർഷ ബിരുദ പ്രോഗ്രാമുകളെപ്പറ്റി വിശദമായ പരിശീലന പരിപാടികൾ ഇതിനോടകം നടത്തിയിട്ടുണ്ട്. വിവിധ ഘട്ടങ്ങളിൽ അധ്യാപക പ്രതിനിധികൾ ഉൾപ്പെടെയുള്ളവരുടെ യോഗങ്ങൾ ചേർന്ന് വിശദമായ ചർച്ചകൾ നടത്തിയിട്ടുണ്ട്. സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ എല്ലാ സർവകലാശാലാ ബോർഡ് ഓഫ് സ്റ്റഡീസ് പ്രതിനിധികൾക്കും കോളേജുകളിലെ നാലു വർഷ ബിരുദ പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്കും |

| | | | |
|---|---|---|---|
| | | | ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്. അഫിലിയേറ്റഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ അധ്യാപകർക്ക് ബന്ധപ്പെട്ട സർവകലാശാലകൾ പരിശീലനം നൽകിയിട്ടുണ്ട്.<br><br>അധ്യാപന മേഖലയിലെ കാലാനുസൃതമായിട്ടുള്ള പരിഷ്കാരങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് അധ്യാപക സമൂഹത്തിന്റെ ആകമാനം ഉള്ള ഇടപെടലും പ്രയത്നവും അനിവാര്യമാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഔട്ട്കം ബെയ്സ്ഡ് എഡ്യുക്കേഷൻ (OBE – Outcome Based Education) അഥവാ ഫലാധിഷ്ഠിതമായ വിദ്യാഭ്യാസ സമ്പ്രദായമാണ്. ടെക്നോളജി അധിഷ്ഠിതമായ പഠനരീതികളും (Techno Pedagogy) കൂടുതൽ ഉപയോഗപ്പെടുത്തേണ്ടി വരുന്നതിനാൽ അധ്യാപകർ കാലാനുസൃതമായ സാങ്കേതികവിദ്യകൾ പരിശീലിക്കേണ്ടതുണ്ട് (Smart Teachers). ഇതിന് ആവശ്യമായ സമയാസമയങ്ങളിലെ നൈപുണി വികാസം (Technology upskilling) അധ്യാപകർ നേടുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് ഉന്നതവിദ്യാഭ്യാസ കൗൺസിലും സർവകലാശാലകളും ഇക്കാര്യത്തിൽ നിരന്തരമായ പരിശീലനങ്ങളും ശില്പശാലകളും സംഘടിപ്പിച്ചു വരുന്നു. വിദ്യാർത്ഥികൾ ഓരോ പ്രോഗ്രാമിന്റെയും ലക്ഷ്യങ്ങളുടെ ഫലപ്രാപ്തി (Outcomes) കൈവരിച്ചുകൊണ്ടാണോ മുന്നോട്ടു പോകുന്നതെന്ന് ഉറപ്പുവരുത്തുന്നതിനുള്ള ക്രമീകരണങ്ങളും ഔട്ടകം ബേയ്സ്ഡ് എജ്യൂക്കേഷൻ (OBE) സമ്പ്രദായത്തിൽ ഉൾപ്പെടുന്നു. ഈ പരിഷ്കാരങ്ങളുടെയെല്ലാം മേന്മയും ഫലസിദ്ധിയും സമയാസമയങ്ങളിൽ ഉറപ്പുവരുത്താനുള്ള മാർഗ്ഗങ്ങളും അക്കാദമിക സംവിധാനങ്ങളുടെ ഭാഗമായി നടപ്പിലാക്കുന്ന സമഗ്ര സാങ്കേതിക സംവിധാനമായ കെ-റീപ് പദ്ധതി നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ